My oral amendment is "in sub-clause (2) of section 15 A proposed to be inserted in the principal Act for the words within a period of three months" substitute the words "within a period of six months". ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

The oral amendment moved by the Honourable Minister was put and carried.

The question that Clause 2 as amended, stands part of the Bill was put and carried.

Clause 2 as amended was added to the Bill.

Clause 3

The question that Clause 3 stands part of the Bill was put and carried.

Clause 3, was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): സർ, 1979-ലെ കാണക്കുടിയാൻ നിറുത്തലാക്കൽ (രണ്ടാംഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I second it.

The question that the Kanam Tenancy Abolition (Second Amendment) Bill, 1979 be finally passed was put and carried.

The Kanam Tenancy Abolition (Second Amendment) Bill, 1979 was finally passed.

(iv) 1979-ലെ കേരള ഷോപ്പുകളും വാണിജ്യസ്ഥാപനങ്ങളും സംബന്ധിച്ച (ഭേദഗതി) ബിൽ

Minister for Labour and Housing **(Sri M. K. Raghavan):** Sir, I introduce the Shops and Commercial Establishments (Amendment) Bill, 1979.

Mr. Deputy Speaker: The Bill stands introduced.

Sri M. K. Raghavan: Sir, I move that the Bill may be taken into consideration.

Minister for Finance **(Sri S. Varadarajan Nair):** Sir, I second it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: സർ, ഈ ഭേദഗതി ബിൽ ഷോപ്പ്സ് ആൻഡ് എസ്റ്റാബ്ളിഷ്മെൻറ് ആക്ടിൻെറ 18 (3) എന്ന വകുപ്പിന് ഒരു ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ളതാണ്.

1 p.m.

18 (3) എന്ന വകുപ്പിനെക്കുറിച്ച് കോടതികൾ പരിഗണിച്ച അവസരത്തിൽ, ഒരു തൊഴിലാളിയെ അകാരണമായി പിരിച്ചുവിട്ട് തിരിച്ചെടുക്കുന്നതിനുപകരമായി പ്രതിഫലം കൊടുക്കാൻ അവസരമുണ്ടാകുമ്പോൾ അന്യായമായി പിരിച്ചുവിട്ട കാലഘട്ടത്തിലെ ശമ്പളം കൊടുക്കുന്നത് അവാർഡുചെയ്യാൻ ഇന്നു നിലവിലുള്ള വ്യവസ്ഥകൊണ്ട് സാദ്ധ്യമല്ലെന്ന് ഒരു സംശയം കോടതികൾക്കുതോന്നാനിടയുണ്ടെന്നും അതുകൊണ്ട് ആ സംശയത്തിനിടവരാത്തവിധത്തിൽ ആ വകുപ്പുകൂടി വ്യക്തമാക്കണമെന്നും കോടതി നിർദ്ദേശിച്ചതിൻെറ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ആ സംശയങ്ങൾക്കൊന്നും ഇടവരാത്തവിധത്തിൽ, അന്യായമായി പിരിച്ചുവിട്ടുവെന്ന നിഗമനത്തിലെത്തുമ്പോൾ ആ കാലഘട്ടത്തിലെ പ്രതിഫലം കൂടി കൊടുക്കാൻ ഇടവരത്തക്കവിധത്തിൽ കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണിത്. വലിയ സങ്കീർണ്ണതയൊന്നുമില്ലാത്തതാണ്. അതുകൊണ്ട് ഈ ഭേദഗതി എല്ലാവരും അംഗീകരിച്ച് പാസ്സാക്കിത്തരണം എന്നപേക്ഷിക്കുന്നു.

Sri T. M. Jacob: Sir, I move that the Kerala Shops and Commercial Establishments (Amendment) Bill, 1979 be circulated for eliciting public opinion till September 30, 1979.

സർ, ഞാൻ ഈ ഭേദഗതി നിയമത്തെ പിൻതാങ്ങുകയാണ്. ഒരു കാലഘട്ടംവരെ സംരക്ഷണം ലഭിക്കാതിരുന്ന നമ്മുടെ സംസ്ഥാനത്തെ ഒരു വിഭാഗം ആളുകൾക്ക് പ്രത്യേകിച്ചും സാധാരണക്കാരായ തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി ഗവൺമെൻറു കൊണ്ടുവന്നു പാസ്സാക്കിയ ഒരു നിയമമാണ് ഇത്. ഇന്ന് അതിന് ഇത്തരത്തിലുള്ള ഒരു ഭേദഗതി വരാനിടയായത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നുണ്ടായ ഒരു വിധിയുടെ അടിസ്ഥാനത്തിലാണ്. അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനത്തിൻമേൽ തൊഴിലുടമ ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റിഷനുമായി പോയി; അതു ഡിസ്മിസ് ചെയ്തശേഷം ഒരു അപ്പീൽ പരിഗണിച്ച അവസരത്തിലാണ് ഇങ്ങനെ പരാമർശിച്ചത്. കേരള ഹൈക്കോടതിയുടെ ഡിവിഷൻബെഞ്ച് ഇതു പരിഗണനയ്ക്കെടുത്ത അവസരത്തിൽ അവർ പറഞ്ഞ ഒരു സംഗതി വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നുന്നു. ജഡ്ജ്മെൻറിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. On principle, there seems to us to be no reason why this should not be so; although, on the language of the clause there is some difficulty in coupling an award of back wages along with compensation as done by the Tribunal. സെക്ഷൻ 18-ൽ ക്ലസ് 3-ലെ അവ്യക്തതമൂലമാണ് ഇതുണ്ടായിരിക്കുന്നതെന്നും അതുകൊണ്ട് ഇത് ഒന്നുകൂടി വ്യക്തമാക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കണമെന്നുമാണ് അവർ പറഞ്ഞിരിക്കുന്നത്. നമ്മൾ ഈ സഭയിൽ നിയമങ്ങൾ പാസ്സാക്കുന്നതിൽ ഉണ്ടാകുന്ന അവ്യക്തതമൂലം ഇതുപോലെ വളരെയേറെ ബുദ്ധിമുട്ടുകൾ തൊഴിലാളികൾക്ക് അനുഭവപ്പെടുന്നുണ്ട്. ഏറ്റവും രസകരമായ സംഗതിയെന്താണെന്നുവച്ചാൽ, ഒരു തൊഴിലാളിയെ പിരിച്ചുവിട്ടു; അതുകഴിഞ്ഞ് ആ തൊഴിലാളി അപ്പീലുമായി ബന്ധപ്പെട്ട അധികാരികളെ സമീപിച്ചു; അദ്ദേഹം അതു പരിശോധിച്ചശേഷം, തൊഴിലാളിയും തൊഴിലുടമയും തമ്മിലുള്ള ബന്ധം വളരെയേറെ മോശപ്പെട്ടിരിക്കുന്നതുകൊണ്ട് ഇനിയും ആ തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

അവിടെ തുടരുന്നതു ശരിയല്ല, അതുകൊണ്ട് ആ തൊഴിലാളിയെ പിരിച്ചു വിട്ട ദിവസം മുതൽ അപ്പലേറ്റ് അതോറിറ്റി തീരുമാനിക്കുന്ന ദിവസം വരെയുള്ള ബാക്ക് വേജസ് 5,740 രൂപ കൊടുക്കണമെന്നും അതോടൊപ്പം തന്നെ കോംപെൻസേഷനായി 2,000 രൂപ കൂടി കൊടുക്കണമെന്നും ആണ് തീരുമാനിച്ചത്. മൊത്തത്തിൽ നോക്കിയാൽ ആ തൊഴിലാളിക്ക് ന്യായമായും അർഹതപ്പെട്ടതാണ് ഈ തുക. പക്ഷേ അതു കൊടുക്കാൻ തയ്യാറാകാതിരുന്ന ഉടമ അതിൻമേൽ അപ്പീലുമായി കോടതിയിലെത്തി. ഗവൺമെൻറിന്റെ ഭാഗത്തുനിന്നും അഡ്വക്കേറ്റ് ഇതിൽ ഹാജരായിട്ടുണ്ട്. എന്നാൽത്തന്നെയും ഈ തൊഴിലാളിയും മറ്റൊരഭിഭാഷകനെയും കൊണ്ട് അവിടെ പോകേണ്ടിവന്നു. നമുക്കറിയാം ഹൈക്കോടതിയിലും മറ്റുമുണ്ടാകുന്ന ഭാരിച്ച ചെലവും ബുദ്ധിമുട്ടുമൊക്കെ ഒരു ചെറിയ അവ്യക്തത മൂലം ഉണ്ടായ ഒന്നാണിതെന്ന് എനിക്ക് തോന്നുന്നു. അല്ലെങ്കിൽത്തന്നെ ഈവക കാര്യങ്ങളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പോകാവുന്നതാണ്. എന്നാലും ഒരവ്യക്തത നിയമത്തിൽ ഉണ്ടാകരുത് എന്നുള്ളതിന് വളരെ വ്യക്തമായ ഒരഭിപ്രായം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ആ അഭിപ്രായം മാനിച്ചുകൊണ്ട് ആ അവ്യക്തത ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതിനിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതിനിയമത്തെ ഞാൻ പരിപൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്.

നമ്മുടെ ഈ നിയമം നേരത്തേ ചർച്ച ചെയ്തിരുന്ന അവസരത്തിൽ കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറിനെക്കുറിച്ചുള്ള നിർവചനത്തിൻറ കാര്യത്തിൽ ചില തർക്കങ്ങളും ഉന്നയിക്കപ്പെടുകയുണ്ടായി. അതിവിടെ പരാമർശിക്കാൻ ഞാനാഗ്രഹിക്കുന്നില്ല; മൂലനിയമത്തിൽ ഒരു ഭേദഗതി മാത്രം കൊണ്ടുവന്നിരിക്കുകയാണ് ഇപ്പോൾ. മറ്റു വകുപ്പുകളിൽ ഭേദഗതി നിർദ്ദേശിക്കാത്തതുകൊണ്ട് ഞാനതിലേക്കു കടക്കുന്നില്ല. നമ്മുടെ രാജ്യത്തെ സാധാരണക്കാരായ ആളുകളുടെ പുരോഗതിയും അവർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങളുമൊക്കെ എപ്പോഴും മുന്നിൽക്കണ്ടുകൊണ്ടു പ്രവർത്തിക്കുന്ന ഗവൺമെൻറിൻറെ നടപടി എന്ന നിലയിൽ ഇതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സർ, ഇവിടെ ഇന്നലെയും മറ്റും സംസാരിച്ച ചില മെംബർമാർ പറയുകയുണ്ടായി ഈ ഗവൺമെൻറ് നമ്മുടെ സംസ്ഥാനത്തെ ആവക കാര്യങ്ങളിൽ താൽപര്യം പ്രകടിപ്പിക്കാറില്ല എന്ന്. അതിൽ ചിലർ പറയുന്നത് ഈ ഗവൺമെൻറിന് ഒന്നും ചെയ്യാൻ സാധിക്കാത്ത നിലയിൽ അതിൻറെ അടിത്തറ തകർന്നു പോയിരിക്കുന്നു എന്നൊക്കെയാണ്. എങ്ങനെ തകർന്നു എന്നവർ പറയുന്നില്ല. അതെന്തായാലും അടിത്തറ തകർന്നു എന്നൊക്കെ പറയുന്ന ആളുകളെ പലരെയും ഇവിടെ കാണുന്നില്ല. ഈ വക കാര്യങ്ങളും കേൾക്കുന്ന അവസരത്തിൽ, നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്കാണെങ്കിലും കൃഷിക്കാർക്കാണെങ്കിലും കിട്ടേണ്ട ആനുകൂല്യങ്ങളും കൊടുക്കാൻ കൊണ്ടുവരുന്ന ഇത്തരം നിയമനിർമ്മാണങ്ങളിൽ കൂടി ഗവൺമെൻറിനു നിർദ്ദേശങ്ങളും കൊടുക്കുകയും ആ നിർദ്ദേശങ്ങളും നടപ്പിലാക്കിക്കിട്ടുന്നതിനുവേണ്ടിയുള്ള പരിപാടികളാവിഷ്ക്കരിക്കുകയുമാണുവേണ്ടത്. അതിനുപകരം അടിത്തറ തകർന്നു എന്നൊക്കെ പറയുകയാണ്. ഏതു രീതിയിൽ തകർന്നു എന്നൊന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് ഞാൻ അതിലേക്കൊന്നും രാഷ്ട്രീയമായി കടക്കാനാഗ്രഹിക്കുന്നില്ല. കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളിലായി ഈ സഭ ചർച്ച ചെയ്തിട്ടുള്ള നിയമങ്ങളും എടുത്തു പരിശോധിച്ചാൽ എത്രമാത്രം ആകാംക്ഷയോടുകൂടി നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകളുടെ പുരോഗതിക്കുവേണ്ടി ഗവൺമെൻറു പ്രയത്നിക്കുന്നു എന്നുള്ളതു വ്യക്തമാണ്, ഞാൻ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളിലേക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. വളരെ ലളിതമായ ഒരു നിയമം ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. എനിക്കു ബഹുമാനപ്പെട്ട ഗവൺമെൻറിനോട് ഒരു അഭ്യർത്ഥനയുള്ളത്, മേലിൽ നിയമം നിർമ്മിക്കുമ്പോഴും അവ്യക്തതയുണ്ടാകാതെ നോക്കണമെന്നാണ്. സാധാരണക്കാരായ തൊഴിലാളികളെ കോടതിയിൽ കയറിയിറക്കുക, പ്രത്യേകിച്ച് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിലും ഡിവിഷൻ ബെഞ്ചിലുമൊക്കെ പോയി ബുദ്ധിമുട്ടനുഭവിക്കാൻ ഇടയാക്കുക എന്നുള്ളതു ഒഴിവാക്കത്തക്ക നിലയിൽ നിയമനിർമ്മാണത്തിൽ കുറേകൂടി ശ്രദ്ധിക്കണം എന്ന അഭ്യർത്ഥനയോടുകൂടി ഈ ഭേദഗതിനിയമത്തെ പരിപൂർണ്ണമായി പിൻതാങ്ങുന്നു.

[Mr. Speaker in the Chair]

Sri P. R. Sivan: Sir, I move that the Kerala Shops and Commercial Establishments (Amendment) Bill, 1979 be referred to a Select Committee.

സർ, ഷോപ്സ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിൻറെ പരിധിയിൽ വരുന്ന ജീവനക്കാർക്ക് അൽപ്പമെങ്കിലും ആശ്വാസം നൽകുന്ന ഈ നിയമനിർമ്മാണത്തെ ഞാൻ ഹൃദയംഗമമായി സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഒന്നുരണ്ടു ചെറിയ കാര്യങ്ങളും പറയാനുണ്ട്. സംഘടിത തൊഴിലാളി വിഭാഗത്തിൽ ഏറ്റവും കുറഞ്ഞ ആനുകൂല്യങ്ങളും മാത്രം അനുഭവിക്കുന്ന വിഭാഗമാണ് ഈ ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ടിൻറെ കീഴിൽ വരുന്ന ജീവനക്കാർ. ഒന്നാമത് അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണക്കുറവുകൊണ്ടും അതുപോലെ വൻകിട സ്ഥാപനങ്ങളിൽ സമരം ചെയ്യാനും സംഘടിക്കാനും കിട്ടുന്ന അവകാശങ്ങളും ഇവർക്കു പലപ്പോഴും നിഷേധിക്കപ്പെടുന്നു എന്നതുകൊണ്ടും, ആനുകൂല്യങ്ങളനുഭവിക്കുന്ന കാര്യത്തിൽ ഒരുപാടു പിന്നോക്കം പോകാൻ ഈ വിഭാഗം ജീവനക്കാർക്ക് ഇടവന്നിട്ടുണ്ട്. സാധാരണ രണ്ടും മൂന്നും ജീവനക്കാരാണ് പല സ്ഥാപനങ്ങളിലും. പുതിയതായി ജോലിയിൽ പ്രവേശിക്കുമ്പോൾ, ജോലിയിൽ നിന്ന് സർവ്വ ആനുകൂല്യങ്ങളും പറഞ്ഞു പിരിഞ്ഞുപോയിരിക്കുന്നു എന്ന് ഒരു അണ്ടർ ടേക്കിംഗ് കൊടുത്താൽ മാത്രം ജോലിക്കുവയ്ക്കുന്ന സമ്പ്രദായവും ഈ രംഗത്തു വിരളമല്ല. ഷർട്ടുമാറുന്നതുപോലെ തൊഴിലാളികളെ മാറാൻവേണ്ടി ഇത്തരം അണ്ടർടേക്കിംഗ് എഴുതിവാങ്ങുന്ന ഒരനുഭവം ഇന്നും ഈ ആക്ടിൻറെ പരിധിയിൽപ്പെട്ട ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഉണ്ട്. പലപ്പോഴും അവരുടെ സംഘടിതസമരങ്ങളും ഡിസ്മിസലിലേക്കാണെത്തുന്നത്. ആ കാര്യങ്ങളെ സംബന്ധിച്ച് അനുഭവസമ്പന്നനായ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിൻറെ അനുഭവങ്ങളും കൂടി ഉൾക്കൊണ്ടുകൊണ്ടായിരിക്കും ഇത്തരത്തിലൊരു നിയമം കൊണ്ടുവന്നത് എന്നു ഞാൻ മനസ്സിലാക്കുന്നു. എന്തായാലും കേരള ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ബിൽ നടപ്പിലാക്കുമ്പോൾ വ്യക്തമായ ഫോളോഅപ്പ് ഈ മേഖലയിൽ ഉണ്ടാകുന്നില്ലെന്നുള്ള ഒരാക്ഷേപമുണ്ട്. കാരണം വ്യക്തമായും അത് കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്നു പരിശോധിക്കേണ്ട ഉദ്യോഗസ്ഥൻമാർ പലരും ഇത്തരം ചെറുകിട സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം വലിയ താൽപര്യം പ്രകടിപ്പിക്കുന്നില്ലെന്നുള്ളത് അനുഭവത്തിൽനിന്നും ബോധ്യമുള്ളതാണ്. എവിടെ ശക്തികൂടുതലുണ്ടോ അവിടെ എല്ലാം അൽപം ആനുകൂല്യം കാണിക്കുന്നുവെന്നുള്ളതിൽ കവിഞ്ഞ് മറെറാന്നുംതന്നെ ഇവർ ചെയ്യുന്നില്ലായെന്നുള്ള ദുഃഖസത്യം അവശേഷിക്കാറുണ്ട്. മിനിമം

LIBRARY ARCHIVES Kerala Legislative Assembly

കൂലി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ മിനിമം കൂലി കൊടുക്കാത്ത സ്ഥാപനങ്ങളിൽത്തന്നെ കണ്ടുവരുന്ന ഒരു പ്രതിഭാസമാണ് പിരിച്ചുവിടൽ. പിരിച്ചുവിടൽ എന്നു പറയുന്നത് എളുപ്പജോലിയൊന്നുമല്ല. അതുകൊണ്ട് ഈ പിരിച്ചുവിടൽ പ്രക്രിയക്ക് അൽപം ഒരാശ്വാസമുണ്ടാകുമെന്നുള്ളതാണ് ഒരു പ്രത്യേകത. ഇതോടൊപ്പം ഒരു ഓഡർ അമെൻഡ്മെൻഡ് കൊടുക്കുവാൻ കഴിഞ്ഞാലും കഴിഞ്ഞില്ലെങ്കിലും ബഹുമാനപ്പെട്ട തൊഴിൽ കാര്യമന്ത്രിയോട് എനിക്കൊരഭ്യർത്ഥനയുണ്ട്. അതായത് കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ ഇന്നുള്ള നിയമത്തിൽ അപാകതകളുണ്ട് അതുമാറ്റി കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ ഒരു വർഷത്തെ സർവ്വീസുള്ളവർക്ക് ഒരു മാസം ആനുകൂല്യം കിട്ടത്തക്കരീതിയിൽ ഒരു തീരുമാനമെടുക്കണമെന്നാണ്. നിലവിലുള്ള പല നിയമത്തിലും കാളിഫൈയിംഗ് പീരിയഡ് കഴിഞ്ഞാലല്ലാതെ അതിനർഹതവരികയില്ലാ എന്നുള്ള നയമുണ്ട്. അത് മാറ്റി ഏറ്റവും ചുരുങ്ങിയ വരുമാനമുള്ള ആളുകൾക്ക് ഞാൻ മുകളിൽ പറഞ്ഞതായ രീതിയിലുള്ള ആനുകൂല്യം നൽകണം. അതായത് കോമ്പൻസേഷൻ സെറ്റിൽ ചെയ്യുന്ന കേസ്സിൽ ഒരു വർഷം സർവ്വീസുള്ളവർക്ക് ഒരു മാസത്തിൽ കുറയാത്ത തുക എന്ന വ്യവസ്ഥ അംഗീകരിക്കുവാൻ തയ്യാറാകണം.

നമ്മുടെ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് അവർ ഏർപ്പെടുന്ന നിയമകേസ്സിൽ സഹായം കൊടുക്കുന്ന സംവിധാനം ഉണ്ട്. പിരിച്ചുവിടപ്പെടുന്നവർ കേസ്സിനു ഹൈക്കോടതിയേയോ ലേബർക്കോടതിയേയോ മറ്റോ സമീപിക്കണമെങ്കിൽ വക്കീലിന്റെ സഹായം പലപ്പോഴും ആവശ്യമായി വരാറുണ്ട്. അതുകൊണ്ട് ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻഡ് ആക്ടിന്റെ പരിധിയിൽവരുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം നിയമപരമായ സഹായത്തിനു ആവശ്യമായ സംവിധാനം കൂടി ഉണ്ടാകുവാൻ കഴിയുന്ന തരത്തിലുള്ള ഒരു നിർദ്ദേശം കൊടുക്കുവാൻ കഴിയണമെന്നുള്ള ഒരഭ്യർത്ഥനകൂടിയുണ്ട്. ഒരിക്കൽ കൂടി ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

IX സന്ദർശക ഗ്യാലറിയിൽ മുദ്രാവാക്യം മുഴക്കൽ

മി. സ്പീക്കർ: ഇന്ന് രാവിലെ 11.55-ന് പബ്ലിക് ഗ്യാലറിയിൽ സന്നിഹിതരായിരുന്ന മൂന്നുപേർ മുദ്രാവാക്യം മുഴക്കി സഭാനടപടികൾക്ക് തടസ്സം സൃഷ്ടിച്ച സംഭവം ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കൻമാരും സംബന്ധിച്ചിരുന്ന സമ്മേളനത്തിൽ അവരെ ഹാജരാക്കുകയുണ്ടായി. അവരെ ചോദ്യം ചെയ്തതിൽ അവർക്കു പാസ് നൽകിയത് ശ്രീ. ജി. പി. മംഗലത്തുമഠവും ശ്രീ. എൻ. വാസുദേവൻ പിള്ളയുമാണെന്ന് അറിയാൻ കഴിഞ്ഞു. സഭാനടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ മുദ്രാവാക്യം മുഴക്കുവാൻ ശ്രമിച്ചത് ഗുരുതരമായ അവകാശലംഘനമാണെന്നും അതുകൊണ്ട് അവർക്കു ഈ സമ്മേളനം അവസാനിക്കുന്നതുവരെ വെറും തടവുശിക്ഷ നൽകണമെന്നും യോഗം തീരുമാനിച്ചു. ഈ അവസരത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളെ ഒരു കാര്യം ഓർമ്മിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ബഹുജനങ്ങൾക്ക് സഭാനടപടികൾ വീക്ഷിക്കുന്നതിനുള്ള പാസ്സുകൾ നൽകുന്നത് ബഹുമാനപ്പെട്ട അംഗങ്ങളുടെ ശുപാർശ പ്രകാരമാണ്. അതിലേക്കുള്ള പൂർണ്ണ ഉത്തരവാദിത്വം

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗങ്ങൾ തന്നെ വഹിക്കേണ്ടതാണ്. ആ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊണ്ട് പാസ്സുകൾ നൽകുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങളെ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

Minister for Finance **(Sri S. Varadarajan Nair)**: Sir, I move:

"This House resolves that persons calling themselves Sri Kunjan Pillai Padmanabhan, Sri Kesavan Nair Balachandran Nair and Sri Chellappan Nadar Ravi who shouted slogans from the Visiter's Gallery at 11·55 a.m. today September 26, 1979 and were taken into custody immediately thereafter, have committed a grave offence and are guilty of gross comtempt of this house.

This House further resolves that they be sentenced to simple imprisonment till 5 p.m. on October 12, 1979 and be sent to the Central Prison, Trivandrum."

Minister for Labour and Housing **(Sri M. K. Raghavan)**: I second it.

Mr. Speaker: The resolution is adopted.

1979 ലെ കേരള ഷോപ്പുകളും വാണിജ്യ സ്ഥാപനങ്ങളും സംബന്ധിച്ച (ഭേദഗതി) ബിൽ—(തുടർച്ച)

ശ്രീ. പി. ബി. ആർ. പിള്ള: കേരളാ ഷോപ്പ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് ആക്ടിൻെറ പരിധിയിൽപ്പെടുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം, അവർ ഫാക്ടറീസ് ആക്ടിൻെറ പരിധിയിൽപ്പെടാതെ ഏതാണ്ട് രണ്ടും നാലും അഞ്ചും ആളുകൾ സ്കാറ്റേർഡ് ആയിട്ട് ജോലി ചെയ്യുന്ന വിഭാഗമാണ്. അവരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള നിയമ സംരക്ഷണം വളരെ ലഘൂകരിക്കണമെന്നുള്ള കാര്യം ഈ സഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സമ്മതിക്കുമെന്നാണ് ഞാൻ കരുതുകയാണ്. ഈ ബില്ല് നിയമമാകുന്നതോടുകൂടി പിരിച്ചുവിടൽ സമയത്തുള്ള നഷ്ടപരിഹാരത്തിൻെറ പ്രശ്നം പരിഹരിക്കപ്പെടുന്നുണ്ട്. അതേ സമയത്ത് ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കോമ്പൻസേഷൻ എന്ന കാര്യം എത്രകണ്ട് പ്രയോജനപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് സംശയമുണ്ട്. ഒരു തൊഴിലാളിയെ പിരിച്ചുവിട്ടാൽ, ആ പിരിച്ചുവിടൽ തെറ്റാണെന്നും യാതൊരു കാരണവും കൂടാതെയാണ് പിരിച്ചുവിട്ടത് എന്നും കാണിച്ചുകൊണ്ട് അറുപത് ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കുകയും അപ്പലേറ്റ് അതോറിറ്റി പിരിച്ചുവിടൽ തെറ്റാണെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുമ്പോൾ പിരിച്ചുവിട്ടത് തൊട്ട് അപ്പലേറ്റ് അതോറിറ്റി നിഗമനത്തിൽ എത്തിച്ചേരുന്നതുവരെയുള്ള കോമ്പൻസേഷനും റിട്രൻഞ്ചുമെൻറിനുള്ള കോമ്പൻസേഷനും രണ്ടായിട്ടാണ് കാണുന്നത്. പിരിച്ചു വിടൽ അംഗീകരിക്കുന്ന കാലംവരെയുള്ള വെളിയിൽനിന്ന സമയം കോമ്പൻസേഷനെ സംബന്ധിച്ചിടത്തോളം അത് കോമ്പൻസേഷനായി കണക്കാക്കണമോ ബേക്ക് വേജസ് ആയി കണക്കാക്കണമോയെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കണം. കോമ്പൻസേഷനായിട്ടാണ് കണക്കാക്കുന്നതെങ്കിൽ ഈ കോമ്പൻസേഷനെ വെളിയിൽ നിന്ന കാലത്തെ ബേക്കുവേജസുമായി തുലനം ചെയ്ത് എതാണ് കൂടുതൽ തുക, ആ തുക കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. അതുപോലെതന്നെ റിട്രഞ്ചുമെൻറിനുള്ള കോമ്പൻസേഷനും പിരിച്ചുവിടൽ അംഗീകരിക്കുന്നതുവരെയുള്ള ബേക്ക്വേജസും കൊടുക്കുവാനുള്ള ഒരു സംവിധാനവും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണം. ഈ രാജ്യത്തെ തൊഴിലാളികളെ പിരിച്ചുവിടുകയെന്നുള്ളതിൽ കവിഞ്ഞ് ഒരു ചുക്കും മാനേജുമെൻറിന് ഒരു തൊഴിലാളിയോടും ചെയ്യാനില്ല. മാനേജുമെൻറിന് പരമാവധി കൊടുക്കാവുന്ന ശിക്ഷയാണ് പിരിച്ചുവിടൽ. അത് തെറ്റാണെന്നു പറഞ്ഞാൽ മാനേജ്മെൻറിന് കഠിന ശിക്ഷ കൊടുക്കുന്നതിനു പകരം ആ തൊഴിലാളിയെ തിരിച്ചെടുക്കാതെ ആ പിരിച്ചു വിടലിനെ ന്യായീകരിക്കുന്ന, അംഗീകരിക്കുന്ന സൂചനയാണ് ഈ ബില്ല് മുഖേന കാണുന്നത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെൻറ് പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കണം. പിരിച്ചുവിടൽ തെറ്റാണെന്നു കണ്ടാൽ തിരിച്ചെടുത്തേ മതിയാകൂ എന്നു പറയണം. വിശേഷിച്ച് ഒരു തൊഴിലാളി പ്രവർത്തകനായ മന്ത്രി ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വേതനത്തെ സംബന്ധിച്ച് കണക്കാക്കുമ്പോൾ ചെറിയ ചെറിയ സ്ഥാപനങ്ങളിലെ ആളുകളെ സംബന്ധിച്ചിടത്തോളം വളരെ അധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിനകത്ത് വേതനത്തെ സംബന്ധിച്ച് പറയുന്ന നിർവ്വചനംതന്നെ വ്യക്തമാണ്. പണമായിട്ട് കണക്കുകൂട്ടാവുന്ന സകലതും സാലറിയുടെ പട്ടികയിൽപ്പെടുന്നുണ്ട്. ഇന്ന് ഒരു ഹോട്ടൽ തൊഴിലാളിയുടെ ശമ്പളം എന്താണ്. 100 രൂപ ശമ്പളമാണെങ്കിൽ കിട്ടുന്ന ഭക്ഷണവും പണമായി കണക്കു കൂട്ടാവുന്നതാണ്. ഭക്ഷണമില്ലാതെ ജോലി ചെയ്യുന്ന തൊഴിലാളിയാണെങ്കിൽ അയാൾക്ക് 200 രൂപ കിട്ടാതെ ജോലി ചെയ്യാൻ സാധ്യമല്ല. രണ്ടു മൂന്നു നേരം ആഹാരം കഴിക്കുന്നുണ്ടെങ്കിൽ അതിൻെറ എമൗണ്ട് തിട്ടപ്പെടുത്തണം. അതുകൂടി ഈ ശമ്പളത്തോട് അഡ്ജസ്റ്റ് ചെയ്യണം. അതുകൊണ്ട് ഈ ബില്ലിനകത്ത് സാലറിയെ സംബന്ധിച്ചുള്ള നിർവ്വചനത്തിൽ വ്യക്തതയുണ്ടാകണം. എന്നിട്ടുവേണം കോമ്പൻസേഷൻ തിട്ടപ്പെടുത്തുവാൻ. ചെറിയ ചെറിയ വ്യവസായ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്കു അതിൻെറ പ്രവർത്തനം സ്തംഭനത്തിലാക്കി അവകാശം നേടിയെടുക്കുവാൻ സാധ്യമല്ല. കാരണം ചെറിയ ചെറിയ സ്ഥാപനങ്ങളാണ്. അങ്ങനെയുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കൂടുതൽ സുരക്ഷിതത്വം ആവശ്യമായിരിക്കുകയാണ്.

തൊഴിലാളികൾക്ക് പരമാവധി സഹായം ചെയ്തുകൊടുക്കുന്ന നിയമനിർമ്മാണമാണ് ആവശ്യം. ആ കാര്യത്തിൽ ഇന്നുള്ള നിയമത്തെ സംബന്ധിച്ചിടത്തോളം ഞാൻ സ്വാഗതം ചെയ്യുന്നു. അതിലെ മറ്റ് പോരായ്മകളെ സംബന്ധിച്ചുകൂടി ഗവൺമെൻറിന് വ്യക്തമായ വീക്ഷണം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. നിയമനിർമ്മാണത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് ഉണ്ടാകണം. ഈ രൂപത്തിൽ ഇതിനുകൂടി ആവശ്യമായിട്ടുള്ള ഭേദഗതി ഈ ബില്ലിൽ ഉൾക്കൊള്ളിക്കാൻ ഗവൺമെൻറ് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽകൂടി സ്വാഗതം ചെയ്യുന്നു.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ഞാൻ ഈ ഭേദഗതി നിയമത്തെ സ്വാഗതംചെയ്യുന്നു. നമ്മുടെ രാജ്യത്തെ എല്ലാവിഭാഗം തൊഴിലാളികളും സംഘടിച്ച് സംഘടനയിൽകൂടി അവകാശങ്ങൾ നേടിയെടുക്കുന്നു. ജോലിയുടെ പ്രത്യേകതകൊണ്ടും അതുപോലെതന്നെ ഓരോ സ്ഥാപനത്തിലുമുള്ള തൊഴിലാളികളുടെ എണ്ണത്തിൻെറ കുറവുകൊണ്ടും സംഘടനയിൽകൂടി ആനുകൂല്യം ലഭിക്കാത്ത ഒരുവിഭാഗം അസംഘടിത തൊഴിലാളികൾ നമ്മുടെ രാജ്യത്തുണ്ട്. അവർക്ക് സംഘടനയിൽകൂടി അവകാശങ്ങൾ നേടി

LIBRARY ARCHIVES Kerala Legislative Assembly

യെടുക്കാൻ കഴിയുന്നില്ല. അവർക്ക് നിയമനിർമ്മാണത്തിന്റെ സംരക്ഷണം ലഭിക്കണം. ഇന്ന് ആ രംഗത്തുള്ള തൊഴിൽവകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചാൽ വളരെയേറെ പോരായ്മ കാണാൻ കഴിയും. മറ്റ് ഏതു രംഗത്തെ തൊഴിലാളികളെക്കാളും ഈ കാര്യത്തിൽ നിയമത്തിന്റെ ആനുകൂല്യം നിഷേധിക്കുന്ന ഒരു വിഭാഗം തൊഴിലാളികളും ചെറുകിടവ്യാപാര സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളാണെന്ന് കാണാൻ കഴിയും. നിയമത്തിന്റെ ആനുകൂല്യങ്ങളും ഈ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം എർപ്പെടുത്തിയിട്ടുണ്ട്. എല്ലാതലങ്ങളിലും അസിസ്റ്റന്റ് ലേബർ ആഫീസർ ഈ നിയമത്തിന്റെ ആനുകൂല്യം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ഇങ്ങനെ പരിശോധിച്ചതിന്റെ കണക്ക് എടുത്തുനോക്കിയാൽ കുറച്ച് കേസ്സുകളും മാത്രമേ അവർക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്ന് കാണാൻ കഴിയും. മിനിമംവേജസ് നിഷേധിക്കുന്നകാര്യത്തിൽ അസിസ്റ്റന്റ് ലേബർ ആഫീസർ നടപടി സ്വീകരിച്ചാൽ മജിസ്ട്രേട്ട് കോടതിയിൽ ചെന്നാൽ ന്യായമായ പരിരക്ഷ ഈ ഉദ്യോഗസ്ഥൻമാർക്ക് കോടതിയിൽനിന്ന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ ഉദ്യോഗസ്ഥൻമാരോട് ഒരു ചിറ്റമ്മനയമാണ് സ്വീകരിക്കുന്നതെന്നു പരാതിയുണ്ട്. പത്തോ പതിനഞ്ചോ തൊഴിലാളികളുള്ള ഒരു ഹോട്ടലിൽ മിനിമം വേജസ് നിഷേധിക്കുന്നതുവഴി പ്രതിമാസം അഞ്ഞൂറു രൂപ ലാഭമുണ്ടാക്കാൻ മാനേജുമെൻറിന് കഴിയുന്നു. ഇങ്ങനെ മിനിമം വേജസ് നിഷേധിക്കുന്നുവെന്നുള്ളതിന്റെ പേരിൽ അസ്സിസ്റ്റന്റ് ലേബർ ആഫീസർ കേസ് ചാർജ്ജ് ചെയ്താൽ മാനേജുമെൻറിന് കിട്ടുന്ന ശിക്ഷ അമ്പതു രൂപയാണ്. ഇത്തരം നിയമങ്ങളും നടപ്പിൽവരുത്തുമ്പോൾ ആളുകൾക്ക് ആവശ്യമായ സംരക്ഷണം കിട്ടുന്നില്ലെന്ന പരാതിയുണ്ട്. ആ കാര്യത്തിൽ ഉദ്യോഗസ്ഥൻമാരെ ഒട്ടൊക്കെ നിസ്സഹായരാക്കുന്നതുകൊണ്ടല്ലേ അങ്ങനെ സംഭവിക്കുന്നത്. നിയമനിർമ്മാണം ഉണ്ടാക്കുക മാത്രമല്ല ചെയ്യേണ്ടതെ ആ നിയമം നടപ്പാക്കാൻ കഴിയുന്ന സുശക്തമായ മെഷിനറി ഉണ്ടാകേണ്ടിയിരിക്കുന്നു. ലേബർ ഡിപ്പാർട്ടുമെൻറ് ഈ രംഗത്ത് കാര്യമായി ശ്രദ്ധപതിപ്പിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പ്രവർത്തനം. ഏത് സ്ഥാപനത്തിലായാലും തൊഴിലാളിയുടെ ആനുകൂല്യം നിഷേധിച്ചാൽ തൊഴിലാളികൾക്ക് സംഘടിതമായി സമരംചെയ്യാനും ആനുകൂല്യം നേടിയെടുക്കാനും കഴിയണം. സംഘടനാശക്തിയുടെ പോരായ്മകൊണ്ട് തൊഴിലാളികളെ കൈകാര്യംചെയ്യാൻ മാനേജുമെൻറിന് കഴിയുന്നുണ്ട്. മിനിമം വേജസ് നിഷേധിക്കുന്നുവെന്നുള്ളതിന്റെ പേരിൽ ലേബർ ആഫീസർ കേസ് ചാർജ്ജ് ചെയ്താൽ മാനേജുമെൻറിന് കിട്ടുന്ന ശിക്ഷ അമ്പതു രൂപയാണ്. തൊഴിലാളികൾക്ക് മിനിമംവേജസ് നേടിക്കൊടുക്കാൻ അതുവഴി കഴിയുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. മാനേജുമെൻറിനെ ശിക്ഷിക്കുന്നതുകൊണ്ട് മിനിമം വേജസ് തൊഴിലാളികൾക്ക് കിട്ടാൻ ബില്ലിൽ വ്യവസ്ഥ ഇല്ല. മിനിമം വേജസ് തൊഴിലാളിക്ക് കൊടുപ്പിക്കാൻ കഴിയുന്ന ഒരു സംവിധാനം ഈ രംഗത്തില്ല. മിനിമം വേജസ് നിശ്ചയിച്ചിട്ടുള്ള വ്യാവസായികമേഖലയിൽ മിനിമം വേജസ് തൊഴിലാളികൾക്ക് കിട്ടുന്നതിനനുസരണമായ ഒരു ഭേദഗതികൂടി കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ അപ്പലേറ്റ് അതോറിട്ടിയുടെ പ്രവർത്തനം. അതിന് ഒരു സമയപരിധി നിശ്ചയിക്കേണ്ടതാണ്. പത്തും പന്ത്രണ്ടും വർഷക്കാലം അപ്പലേറ്റ് അതോറിട്ടിയുടെ മുമ്പിൽ കേസ് കിടക്കുന്നുണ്ട്. അതോറിട്ടിയിൽനിന്ന് ഒരു വിധിയുണ്ടായിക്കഴിഞ്ഞാൽ ഹൈക്കോടതിയിൽ പോകാൻ മാനേജുമെൻറിന് കഴിയും. സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ശേഷിയുള്ള മാനേജുമെന്റിനാണെങ്കിൽ ഹൈക്കോടതിയിൽ പോകാൻ കഴിയുന്ന ഏർപ്പാടുണ്ട്. കൊല്ലത്ത് രണ്ടുപ്രാവശ്യം ഹൈക്കോടതിയിൽ പോയ ഒരു കേസുണ്ട്. ഒരു തൊഴിലാളിയെ പിരിച്ചുവിട്ടതിന്റെ പേരിൽ രണ്ടുപ്രാവശ്യം ഹൈക്കോടതിയിലും രണ്ടുവർഷം അപ്പലേറ്റ് അതോറിട്ടിയുടെ മുമ്പിലും കേസ് പറയേണ്ട ഗതികേടാണ് ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കുള്ളത്. ആ കാര്യത്തിൽ എന്ത് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് ആലോചിക്കണം. മിനിമംവേജസ് തൊഴിലാളികൾക്ക് പ്രഖ്യാപിച്ചതുകൊണ്ട് ആയില്ല. മിനിമം വേജസ് നടപ്പാക്കാൻ കഴിയുന്ന ഭേദഗതി കൂടി ഈ ആക്ടിൽ ഉൾപ്പെടുത്തണം. ബഹുമാനപ്പെട്ട മന്ത്രി അതിന് തയ്യാറാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കോമ്പൻസേഷന്റെ കാര്യത്തിൽ മാനേജുമെന്റിന്റെ ധിക്കാരമായ നടപടികൾക്കെതിരായി കുറേക്കൂടി കടുത്ത കോമ്പൻസേഷൻ രീതി ആവിഷ്ക്കരിക്കുന്നത് തല്ലുതാണ്. ഇവർക്ക് മനപ്പൂർവ്വം തൊഴിൽ നിഷേധിച്ചാൽ അല്ലെങ്കിൽ മനപ്പൂർവ്വം തൊഴിലിൽ നിന്ന് പിരിച്ചുവിട്ടാൽ മറ്റ് വ്യവസായസ്ഥാപനങ്ങളിൽ ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട ആനുകൂല്യം കിട്ടാൻകൂടി നോക്കണം. ഈ ആക്ട് ബാധകമാക്കിയിട്ടുണ്ടെങ്കിലും ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ കൂലിയും സേവനവ്യവസ്ഥകളുമൊക്കെ വളരെ തുച്ഛമാണ്. ഒരു വർഷത്തിൽ പന്ത്രണ്ട് സിക്ക് ലീവും പന്ത്രണ്ട് കാഷ്വൽ ലീവും പന്ത്രണ്ട് പ്രിവിലേജ് ലീവുമാണ് ആ രംഗത്ത് നിലനിൽക്കുന്നത്. ഇന്ന് നമ്മുടെ രാജ്യത്ത് മറ്റ് വ്യാവസായികതൊഴിലാളികളെസംബന്ധിച്ചിടത്തോളം എത്രയോ മാറ്റംവന്നിരിക്കുന്നു. 1960-ലെ നിയമം പാസ്സായതിനുശേഷവും ആ ആ രംഗത്ത് കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് മറ്റ് ഏതു വിഭാഗം തൊഴിലാളിയേയും അപേക്ഷിച്ച് വളരെ മോശപ്പെട്ട സേവനവ്യവസ്ഥയിൽ കഴിയുന്ന ഒരുവിഭാഗം തൊഴിലാളികളെ കണ്ടുകൊണ്ട് നിയമത്തിന്റെ ആനുകൂല്യം പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കണം. ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഭേദഗതികളെപ്പറ്റി ഒന്ന് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1979 സെപ്റ്റംബർ 27-ാം തീയതി വ്യാഴാഴ്ച രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് 1-30-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly